പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1612** — 14-07-2016 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.പി.ടി. തോമസ്**<br>**ശ്രീ.എൽദോസ് കുന്നപ്പിള്ളി**<br>**ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ.എം. വിൻസെന്റ്** | **ശ്രീ. ഇ.പി. ജയരാജൻ**<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിലും 2012 ഓഗസ്റ്റ് 1 മുതൽ ഇ-പ്രൊക്യൂർമെന്റ് സംവിധാനം (ഇ-ടെണ്ടറിംഗ്) നടപ്പിലാക്കിയിരുന്നു. ഇതിന്റെ ഭാഗമായുള്ള ധനപരമായ ഇടപാടുകൾ നടത്തുന്നതിലേക്കായി ഇ-പേയ്മെന്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനുള്ള ഇ-ഗവേണൻസ് സംവിധാനത്തിന്റെ ഭാഗമായി പൊതുമേഖലാസ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ, ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഉൾപ്പെടെയുള്ള സാധനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവ വളരെ സുതാര്യവും കാര്യക്ഷമവുമായ രീതിയിൽ ലഭ്യമാക്കുകയെന്നതാണ് ഇ-ടെണ്ടറിംഗ് സംവിധാനം വഴി ഉദ്ദേശിക്കുന്നത്. |
| (ബി) ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) യും "ഇ-പേയ്മെന്റ്" സംവിധാനം നടപ്പിലാക്കുന്നത് വഴി ഇ-ടെണ്ടറിങ്ങിന്റെ ഭാഗമായി സ്ഥാപനങ്ങൾ നടത്തുന്ന ധനപരമായ ഇടപാടുകളുൾപ്പെടെ പ്രവർത്തനങ്ങളിൽ കാലതാമസം ഒഴിവാക്കുവാനും കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും, ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വിവിധ |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സംവിധാനത്തിലൂടെ എന്തെല്ലാം സേവനങ്ങളും പ്രയോജനങ്ങളുമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) യും | തലങ്ങളിലുള്ള ഉദ്യോഗസ്ഥരെ കൂടുതൽ ഉത്തരവാദിത്തമുള്ളവരാക്കുന്നതിനും സാധിക്കുന്നു. കൂടാതെ വിവരങ്ങൾ സുരക്ഷിതമായി കാലാകാലം സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളും ഉണ്ട്. നടപടിക്രമങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെൻറുകൾ ഇൻറർനെറ്റുമുഖേന തയ്യാറാക്കുന്നതിനുള്ള സൗകര്യങ്ങൾ ഇ-ടെണ്ടറിംഗ് സംവിധാനത്തിലുണ്ട്. ഈ സംവിധാനത്തിലൂടെ പേപ്പർ ജോലികൾ കുറച്ചുകൊണ്ട് സമയലാഭവും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ